## കേരള സർക്കാർ

### സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - ഗ്രാമവികസനം- ജീവനക്കാര്യം -പാലക്കാട് ജില്ലയിലെ പിരായിരി ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയ ഐ.എ.വൈ. ഭവന നിർമ്മാണ പദ്ധതിയിലെ ക്രമക്കേടുകൾ - പിരായിരി ഗ്രാമപഞ്ചായത്ത് വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ശ്രീ.എസ്.ഗിരീഷിനെതിരായ അച്ചടക്ക നടപടി - തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ(ഇആർബി) വകുപ്പ്

സർക്കാർ ഉത്തരവ് (സാധാ)നമ്പർ.**3656**/2015/തസ്വഭവ, തിരുവനന്തപുരം, തീയതി, 05.12.2015

---

പരാമർശം :- 1. വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 15/07/2013 തീയതിയിലെ T1(CVO2/2013/PKD) നമ്പർ കത്ത്.

2. ശ്രീ.എസ്.ഗിരീഷ്, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർക്ക് നൽകിയ 11.11.2013 തീയതിയിലെ 65317/ഇആർബി1/2013/തസ്വഭവ നമ്പർ കുറ്റപത്രവും കുറ്റാരോപണ പത്രികയും.
3. ശ്രീ.എസ്.ഗിരീഷ്, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, പിരായിരി ഗ്രാമപഞ്ചായത്ത് സമർപ്പിച്ച പ്രതിവാദപത്രിക.
4. ഗ്രാമവികസന കമ്മീഷണറുടെ 11.05.2015 തീയതിയിലെ 22882/എസ്റ്റാഎ3/2013/സിആർഡി നമ്പർ കത്ത്.

### ഉത്തരവ്

പാലക്കാട് ജില്ലയിലെ പിരായിരി ഗ്രാമപഞ്ചായത്തിലെ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ആയിരുന്ന ശ്രീ.എസ്.ഗിരീഷ്, ഐ.എ.വൈ. ഭവന നിർമ്മാണ പദ്ധതി ഗുണഭോക്താക്കളിൽ നിന്നും കൈക്കൂലി വാങ്ങിയെന്ന ആരോപണത്തിന്റെ അടിസ്ഥാനത്തിൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ പാലക്കാട് യൂണിറ്റ് കോൺഫിഡൻഷ്യൽ വെരിഫിക്കേഷൻ നടത്തി , ടിയാനെ സ്ഥലം മാറ്റുവാനും ടിയാനെതിരെ അച്ചടക്ക നടപടി സ്വീകരിക്കുവാനും പരാമർശം (1) പ്രകാരം സർക്കാരിനോട് ശുപാർശ ചെയ്തിരുന്നു. മേൽ ശുപാർശയുടെ അടിസ്ഥാനത്തിൽ പാലക്കാട് ജില്ലയിലെ പിരായിരി ഗ്രാമപഞ്ചായത്ത് വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ആയിരുന്ന

ശ്രീ.എസ്.ഗിരീഷിനെ കണ്ണൂർ ജില്ലയിലേയ്ക്ക് സ്ഥലം മാറ്റുകയും, പരാമർശം (2) പ്രകാരം ടിയാനെതിരെ സർക്കാർ കുറ്റപത്രവും കുറ്റാരോപണ പത്രികയും നൽകുകയും ചെയ്തു.

പരാമർശം(3) പ്രകാരം ശ്രീ.എസ്.ഗിരിഷ് പ്രതിവാദ പത്രിക സമർപ്പിക്കുകയുണ്ടായി. ടിയാൻ പദ്ധതി നിർവ്വഹണ ഉദ്യോഗസ്ഥനും പ്ലാൻ കോർഡിനേറ്ററും ആയതിനാൽ ഗുണഭോക്താക്കളുടെ പ്രവർത്തി പരിശോധനക്കായി ഫീൽഡ് പരിശോധന നടത്തേണ്ടതുള്ളതിനാൽ ഉച്ചയ്ക്ക് ശേഷം ഫീൽഡ് വിസിറ്റ് നടത്താറുണ്ടെന്നും, ആയതിനാൽ ഉച്ചയ്ക്ക് ശേഷം ടിയാൻ പതിവായി ഓഫീസിൽ ഹാജരാകാറില്ല എന്ന ആരോപണം വാസ്തവ വിരുദ്ധമാണെന്നും, ഇക്കാര്യം അഡ്വാൻസ് ടൂർ പ്രോഗ്രാമും, ഡെയിലി ഡയറി രജിസ്റ്ററുകളും പരിശോധിച്ചാൽ മനസ്സിലാക്കാവുന്നതാണെന്നും, ടിയാൻ ഓഫീസിനു പുറത്തു പോകുമ്പോൾ അക്കാര്യം പൊതുജനങ്ങളുടെ അറിവിലേക്കായി ബോർഡിൽ എഴുതി ഇടാറുണ്ടെന്നും, വിജിലൻസിന്റെ പരിശോധനാ ദിവസം രാവിലെ ടിയാൻ ഓഫീസിൽ ഉണ്ടായിരുന്നുവെന്നും, അന്നേ ദിവസം ഗുണഭോക്താക്കൾക്ക് കക്കൂസ് നിർമ്മാണത്തിനുള്ള ചെക്കുകൾ നൽകിയിരുന്നതായും, ഉച്ചയ്ക്ക് ശേഷം, നിർമ്മൽ പുരസ്കാരം നേടുന്നതിനുള്ള പ്രവർത്തിയുടെ ഭാഗമായി പിരിയാരി ഗ്രാമപഞ്ചായത്തിലെ 19-ാം വാർഡിലെ പൂട്ടൂർ അംഗൻവാടിയിൽ വാൾ പെയിന്റിംഗ്, ബേബി ഫ്രെണ്ട്ലി ടോയിലറ്റ് നിർമ്മാണം എന്നീ പ്രവർത്തികളുമായി ബന്ധപ്പെട്ട് ബോധവൽക്കരണം നടത്തുന്നതിനായി ടി അംഗൻവാടിയിൽ പോയതായിരുന്നുവെന്നും, ഭവന നിർമ്മാണ പദ്ധതിയുമായി ബന്ധപ്പെട്ട് ടിയാൻ ആരിൽ നിന്നും കൈക്കൂലി വാങ്ങുകയോ, അതിനു വേണ്ടി ഏതെങ്കിലും തരത്തിലുള്ള പ്രവർത്തനങ്ങൾ ഉണ്ടായിട്ടില്ലെന്നും ശ്രീ.ഗിരീഷ്.എസ്. സമർപ്പിച്ച പ്രതിവാദപത്രികയിൽ ബോധിപ്പിച്ചിട്ടുണ്ട്.

ടിയാന്റെ പ്രതിവാദപത്രികയിന്മേൽ പാലക്കാട് ജില്ലാ കളക്ടർ, ദാരിദ്ര്യ ലഘൂകരണ വിഭാഗം അസിസ്റ്റന്റ് പ്രോജക്റ്റ് ഓഫീസർ (P&M) മുഖേന അന്വേഷണം നടത്തി സമർപ്പിച്ച റിപ്പോർട്ടിന്റെയടിസ്ഥാനത്തിൽ പരാമർശം (4) പ്രകാരം ഗ്രാമവികസന കമ്മീഷണർ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. സർക്കാർ നിർദ്ദേശത്തെ തുടർന്ന് വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ശ്രീ.എസ്.ഗിരീഷിനെ 03.12.2013-ലെ 23842/എസ്റ്റാബി2/13/സിആർഡി നമ്പർ

ഉത്തരവ് പ്രകാരം കണ്ണൂർ ജില്ലയിലേക്ക് സ്ഥലം മാറ്റം നൽകിയിരുന്നുവെന്നും, ഇപ്പോൾ ടിയാൻ കണ്ണൂർ ജില്ലയിലെ എടക്കാട് ബ്ലോക്കിലെ എടക്കാട് പഞ്ചായത്തിൽ ജോലി ചെയ്തു വരുന്നുവെന്നും പിരായിരി ഗ്രാമപഞ്ചായത്തിലെ ടി കാലയളവിലെ പ്രസിഡണ്ടായിരുന്ന ശ്രീ.എസ്.എം.നാസർ, ഇപ്പോഴത്തെ വൈസ് പ്രസിഡണ്ട് ശ്രീമതി.എ.എഫ്.ഷെറീന ബഷീർ, മെമ്പറായ സെമീന ആസാദ് എന്നിവരുമായി അസിസ്റ്റന്റ് പ്രോജക്ട് ഓഫീസർ വിശദമായി സംസാരിച്ചതിൽ, ഐ.എ.വൈ. ഗുണഭോക്താക്കളിൽ ചിലരിൽ നിന്ന് പാരിതോഷികമായി ചെറിയ തുക സ്വീകരിക്കുന്നതായി കേട്ടറിഞ്ഞതിന്റെ അടിസ്ഥാനത്തിൽ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, ശ്രീ.എസ്.ഗിരീഷിനെ അന്നത്തെ പ്രസിഡണ്ട് ശ്രീ.എസ്.എം.നാസർ വിളിച്ചു വരുത്തി അന്വേഷിക്കുകയും, കൂടാതെ മറ്റുള്ളവരോട് പൊതുവായി അന്വേഷിച്ചതിൽ നിന്ന് ഗിരീഷ് കുറ്റം ചെയ്തതായി വിശ്വസനീയമായി തെളിവുകൾ ഒന്നും ലഭിച്ചിട്ടില്ല എന്നും ടിയാനോട് സുതാര്യമായ രീതിയിൽ പ്രവർത്തിക്കാൻ ശ്രീ.നാസർ നിർദ്ദേശിക്കുകയാണുണ്ടായതെന്നും അസിസ്റ്റന്റ് പ്രോജക്ട് ഓഫീസർ റിപ്പോർട്ട് ചെയ്തതായി ഗ്രാമവികസന കമ്മീഷണർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

കൂടാതെ ടി കാലയളവിലെ വൈസ് പ്രസിഡണ്ട് ശ്രീമതി.എ.എഫ്.ഷെറീനയുമായി വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ശ്രീ.എസ്.ഗിരീഷിന്റെ പ്രവർത്തനങ്ങളെ കുറിച്ച് അന്വേഷണോദ്യോഗസ്ഥർ അന്വേഷിച്ചപ്പോൾ ഗുണഭോക്താക്കളിൽ നിന്ന് കൈക്കൂലി വാങ്ങിയിരുന്നതായി പരാതി ഒന്നും ലഭിച്ചിട്ടില്ലെന്നും, അപ്രകാരം പരാതി കേട്ടിട്ടില്ലെന്നും, കൂടാതെ മറ്റൊരു മെമ്പറായ സെമീന ആസാദ്, ശ്രീ.എസ്.ഗിരീഷ് കൈക്കൂലി വാങ്ങിയെന്ന ആരോപണം ഗുണഭോക്താക്കളിൽ നിന്ന് ലഭിച്ചിട്ടില്ലെന്ന് അറിയിച്ചിട്ടുള്ളതായും, മേൽ തെളിവെടുപ്പുകളിൽ നിന്നും, പൊതുവായ അന്വേഷണത്തിൽ നിന്നും ശ്രീ.എസ്.ഗിരീഷ് ഗുണഭോക്താക്കളിൽ നിന്ന് കൈക്കൂലി വാങ്ങിയതായി തെളിവുകൾ ഒന്നും ലഭിച്ചിട്ടില്ലെന്നും, അസിസ്റ്റന്റ് പ്രോജക്ട് ഓഫീസർ അഭിപ്രായപ്പെട്ടിട്ടുള്ളതായി ഗ്രാമവികസന കമ്മീഷണർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ശ്രീ.എസ്.ഗിരീഷ്, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, ഓഫീസ് സമയത്ത് അനധികൃതമായി ഓഫീസിൽ വരാതിരിക്കുകയും ഗുണഭോക്താക്കൾക്ക് ബുദ്ധിമുട്ട്

ഉണ്ടാവുകയും ചെയ്യുന്നതായി ചാർജ്ജ് മെമ്മോയിൽ സൂചിപ്പിച്ചിരുന്നതിന് അന്നത്തെ പ്രസിഡണ്ടുമായും മറ്റു മെമ്പർമാരുമായും അന്വേഷിച്ചതിൽ ടിയാൻ വളരെ കാര്യക്ഷമമായി ജോലി ചെയ്യുന്ന ആളാണെന്നും, അദ്ദേഹത്തിന്റെ കാര്യക്ഷമതയിൽ സംതൃപ്തിയാണെന്നും അറിയിച്ചതായും, ഈ അഭിപ്രായം ശരിയാണെന്ന് പൊതുവായ അന്വേഷണത്തിൽ നിന്നും മനസ്സിലാക്കാൻ കഴിഞ്ഞതായും ഗ്രാമവികസന കമ്മീഷണറുടെ റിപ്പോർട്ടിൽ സൂചിപ്പിച്ചിട്ടുണ്ട്.

ഗ്രാമവികസന കമ്മീഷണറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. പാലക്കാട് ജില്ലയിലെ പിരായിരി ഗ്രാമപഞ്ചായത്തിലെ ഐ.എ.വൈ. ഭവന നിർമ്മാണ പദ്ധതിയുമായി ബന്ധപ്പെട്ട് ടി പഞ്ചായത്തിലെ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ആയിരുന്ന ശ്രീ.എസ്.ഗിരീഷിനെതിരെ സ്വീകരിച്ചിട്ടുള്ള അച്ചടക്ക നടപടി, ടിയാനെ കുറ്റവിമുക്തനാക്കി തീർപ്പാക്കി ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

ജയശ്രീ.റ്റി.
അണ്ടർ സെക്രട്ടറി

ശ്രീ.എസ്.ഗിരീഷ്, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, പിരായിരിഗ്രാമപഞ്ചായത്ത്
(ഗ്രാമവികസന കമ്മീഷണർ മുഖേന)
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
ഡയറക്ടർ, വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, കോഴിക്കോട്
വിജിലൻസ് വകുപ്പ് (Vide letter No.9234/D3/2013/Vig, dated 08.10.2013.)
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ആഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ